**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 146** **22-02-2022 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി(വട്ടപ്പാറ) ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ നിന്നുള്ള പ്രൊപ്പോസലിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | വളാഞ്ചേരിയിൽ ഒരു പുതിയ അഗ്നിരക്ഷാ നിലയത്തിന് റവന്യൂ വകുപ്പിൽ നിന്നു കൈമാറി ലഭിച്ച മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിലെ റീ-സർവ്വേ നം.34/4 എ യിൽപ്പെട്ട 42 സെന്റ് ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 515.62 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം വകുപ്പ് മേധാവി ശിപാർശ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കിയിട്ടില്ല. |
| (ബി) | ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് വേണ്ടി ബഡ്ജറ്റിൽ 20% തുക നീക്കി വെച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കിയിട്ടുണ്ടോ; ആയതിൻമേൽ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | (എ)-ൽ ചേർത്തിട്ടുണ്ട് |
| (സി) | ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിയ്ക്ക് വിധേയമായി മാത്രമേ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ